**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **14-01-2021 - ൽ മറുപടിയ്ക്ക്**

**ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് പയസ്വിനിപ്പുഴയിൽ ആലൂർ മുനമ്പത്ത് നിർമ്മിക്കുന്ന സ്ഥിരം തടയണ (ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ്) യുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ ബാവിക്കരയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെ സിവിൽ മെക്കാനിക്കൽ പ്രവൃത്തികളുടെ നിർമ്മാണം 2021 ഫെബ്രുവരി 15നകം പൂർത്തിയാകും. |
| (ബി) | ഈ തടയണയുടെ നിർമ്മാണം തുടങ്ങിയത് എപ്പോഴാണെന്നും തുടക്കത്തിൽ ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ആദ്യത്തെ കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ; | (ബി) | തടയണയുടെ നിർമ്മാണം 11-07-2005 നാണ് ആരംഭിച്ചത്. ഇതിന്റെ എസ്റ്റിമേറ്റ് തുക 260.89 ലക്ഷം രൂപയാണ്. ആദ്യത്തെ കരാറുകാരൻ ശ്രീ.എം.എ. ഹാരിസ് ആയിരുന്നു. |
| (സി) | എത്ര കരാറുകാർ വഴിയാണ് ഈ തടയണയുടെ പ്രവൃത്തി മുന്നോട്ടു പോയതെന്നും ഇടയ്ക്കുവെച്ച് കരാറുകാർ പണി ഉപേക്ഷിക്കാൻ കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | മൂന്ന് കരാറുകാരാണ് ഈ തടയണയുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയത്. ബാവിക്കര RCB പ്രവർത്തി 2005-ൽ ആരംഭിക്കുകയും പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ സൈറ്റ് കണ്ടിഷൻ അനുസരിച്ച് പ്രവർത്തിയിൽ മാറ്റം അനിവാര്യമായി വരികയും എന്നാൽ അത് പ്രകാരം പ്രവർത്തി ഏറ്റെടുത്തു ചെയ്യാൻ ആദ്യം പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ തയ്യാറാവാതെ വന്നതിനാൽ അദ്ദേഹത്തെ പ്രവർത്തിയിൽ നിന്നും ഒഴിവാക്കുകയും എസ്റ്റിമേറ്റ് പുതുക്കി പ്രവർത്തി വീണ്ടും റീ ടെൻഡർ ചെയ്യുകയും ശ്രീ മൊയ്‌ദീൻകുട്ടി ഹാജി എന്ന കരാറുകാരൻ 82% അധിക നിരക്കിൽ 2012-ൽ പ്രവർത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ബാക്കി പ്രവർത്തി പുരോഗമിക്കുമ്പോൾ പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതായി കാണുകയും, നിലവിലെ ഡിസൈൻ അപ്രായോഗികമായി വരികയും എസ്റ്റിമേറ്റ് വീണ്ടും പുതുക്കുകയും എന്നാൽ എക്സ്ട്രാ ഐറ്റംസിനു കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെട്ടതിനാൽ അദ്ദേഹത്തിനെ നിരുപാധികം കരാർ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. മൂന്നാമത്തെ |

| | | | |
|---|---|---|---|
| | | | കരാറുകാരനായ ശ്രീ ടി എ അബ്ദുറഹിമാൻ ആണ് നിലവിൽ പ്രവർത്തി നടപ്പിലാക്കുന്നത് |
| (ഡി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈ തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും പ്രസ്തുത സർക്കാർ തുക വർദ്ധിപ്പിച്ച നൽകിയോയെന്നും എങ്കിൽ വർദ്ധിപ്പിച്ച നൽകിയ തുക എത്രയാണെന്നും ഈ തടയണയുടെ കാര്യത്തിൽ കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഈ തടയണയുടെ എസ്റ്റിമേറ്റ് തുക 785.55 ലക്ഷം രൂപയായിരുന്നു. പ്രസ്തുത സർക്കാർ ഈ തുക വർദ്ധിപ്പിച്ച് 1283.20 ലക്ഷം രൂപയാക്കിയെങ്കിലും അന്നത്തെ കരാറുകാരൻ പ്രവൃത്തി തുടർന്ന് ചെയ്യാൻ തയ്യാറായില്ല. ആയതിനാൽ പ്രസ്തുത കരാർ റദ്ദാക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതിയുടെ ഡിസൈൻ പുതുക്കുകയും അത് പ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു, ഈ കരാർ പ്രകാരമുള്ള പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| (ഇ) | ഈ തടയണയുടെ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രവൃത്തിയുടെ ഇതുവരെ ചെലവഴിച്ച തുക 17,62,24,212/- രൂപയാണ്. Pending Bill 6,00,80,962/- രൂപയാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈ തടയണയുടെ മൊത്തം ചെലവ് എത്രയാണെന്ന് കണക്കാക്കുവാൻ സാധിക്കില്ല. |
| (എഫ്) | നിയമസഭയിലെ ചോദ്യങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധ ക്ഷണിക്കൽ എന്നിവ മുഖേന ഈ തടയണക്കുവേണ്ടി സർക്കാരിലേക്ക് എത്ര ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്നും ആരൊക്കെയായിരുന്നു ഇവയത്രയും ഉന്നയിച്ചതെന്നും വ്യക്തമാക്കാമോ ? | (എഫ്) | ലഭ്യമായ രേഖകൾ പ്രകാരം ശ്രീ. കെ. കുഞ്ഞിരാമൻ (എം.എൽ.എ ഉദുമ ) -11 പ്രാവശ്യം, ശ്രീ. എൻ.എ നെല്ലിക്കുന്ന് (എം.എൽ.എ കാസറഗോഡ്) -13 പ്രാവശ്യം ശ്രീ ഇ ചന്ദ്രശേഖരൻ (ബഹു റവന്യു ഹൗസിങ് മിനിസ്റ്റർ) 2 പ്രാവശ്യവും ഈ തടയണയ്ക്കു വേണ്ടി ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ